പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3336

21/12/2012-ൽ മറുപടിക്ക്

## നഗരസഭകളിലെയും കോർപ്പറേഷനിലെയും പെൻഷൻ കുടിശ്ശിക

| ചോദ്യം<br>ശ്രീ. ബാബു. എം. പാലിശ്ശേരി | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
|---|---|
| (എ) നഗരസഭകളിലെയും കോർപ്പറേഷനിലെയും പെൻഷൻ കുടിശ്ശിക എത്രയാണെന്നും അവ എന്ന് നൽകാൻ സാധിക്കുമെന്നും വിശദമാ ക്കാമോ ; | (എ) വിവരം ശേഖരിച്ചുവരുന്നു. |
| (ബി) പെൻഷൻ കൃത്യമായി നൽകാൻ സാധിക്കാതെ വന്ന സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ; | (ബി) നഗരസഭകൾ കൃത്യമായി പെൻഷൻ വിഹിതം സി.പി.എഫിൽ ഒടുക്കാത്തതു കാരണം കൃത്യമായി അലോട്ട്മെന്റ് നൽകുവാനുള്ള തുക സി.പി.എഫിൽ. അവശേഷിക്കുന്നില്ല. പ്രധാനമായും ഇക്കാരണത്താലാണ് പെൻഷൻ ആനുകൂല്യങ്ങൾ കൃത്യമായി നൽകാൻ കഴിയാതെവരുന്നത്. |
| (സി) നഗരസഭയുടെ വരുമാന സ്രോതസ്സുകൾ കുറഞ്ഞുവരികയും, കരാർ നിരക്ക്, റവന്യൂ നിരക്ക്, പെൻഷൻ, ശമ്പളം തുടങ്ങി ചെലവിനങ്ങൾ വർദ്ധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ നഗരസഭകളെ സഹായിക്കാനുള്ള നടപടികൾ വിശദമാക്കുമോ ? | (സി) പരിഗണിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 50 ലക്ഷം രൂപ വീതം Untied Fund ആയി നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകൾക്ക് ഒരു കോടി രൂപ വീതം പ്രത്യേകം ഫണ്ടും അനുവദിച്ചിട്ടുണ്ട്. നഗരസഭകളിലെ വസ്തുനികുതി പരിഷ്കരണം നടപ്പാക്കുന്നതിന് ചട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. ഫലപ്രദമായ രീതിയിൽ നികുതി പരിഷ്കരണം നടപ്പാക്കുന്നതിന് നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു. D&O ലൈസൻസ് ഫീസ് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ